ശ്രീ. കെ. ഹസ്സൻ ഗനി : കേന്ദ്രഗവണ്മെൻറു ജീവനക്കാരെമാത്രം ബാധിക്കുന്നതുകൊണ്ടു ഇതു സ്റ്റേറുഗവണ്മെൻറിലെ ജീവനക്കാക്കു കൂടി ബാധകമാക്കുന്നതിനു യാതൊരു വിഷമവും ഇല്ലെന്നാണെനിക്കു തോന്നുന്നതു്. എങ്കിലും അവരുടെ മിലിട്ടറി സർവ്വീസിനെ പരിഗണിച്ചു് ഒരു ഇൻക്രിമെൻറു് എങ്കിലും അനുവദിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വക കാര്യങ്ങളെല്ലാം പരിശോധിച്ചതാണു്. അതിനു ശേഷമായിട്ടു ഈ സ്റ്റേറിൽ രണ്ടു ഇൻറഗ്രേഷൻ നടക്കുകയും പല അഡ്ജസ്റ്റുമെൻറുകളും നടക്കുകയും അതിനുശേഷം പേറിവിഷനുമെല്ലാം നടത്തിക്കഴിഞ്ഞിട്ടുണ്ടു്. ഇനിയും അതു പ്രത്യേകിച്ചു റിവൈസു് ചെയ്യുന്നതിനു പ്രായോഗികബുദ്ധിമുട്ടുകളുണ്ടാകും.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : ഈ സ്റ്റേറിലെ കേന്ദ്രഗവണ്മെൻറു ജീവനക്കാരെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടി എടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കേന്ദ്രഗവണ്മെൻറു ജീവനക്കാരെ ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടു്. സ്റ്റേറുഗവണ്മെൻറു ജീവനക്കാക്കു ഈ ഉത്തരവുകളും ബാധകമല്ലെന്നുള്ളതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, ഇൻക്രിമെൻറു കൊടുക്കുന്ന കാര്യത്തിൽ പ്രായോഗികവിഷമതകളുണ്ടെന്നു പറഞ്ഞു. അവരുടെ മിലിട്ടറി സർവ്വീസു് സീനിയോറിട്ടിയുടെ കാര്യത്തിൽ പരിഗണിക്കപ്പെടുന്നതാണെന്നു മുമ്പുതന്നെ പറയുകയുണ്ടായി. അതേപ്പറ്റി അവസാനമായ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതും അതുപോലെതന്നെ പെൻഷൻറെ കാര്യത്തിൽ മിലിട്ടറി സർവ്വീസുകൂടി കണക്കാക്കുന്ന കാര്യവും ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജാജ്ജു് : വിമുക്തഭടന്മാർ ഇതുകൊല്ലം മിലിട്ടറി സർവ്വീസിൽ ഇരുന്ന എന്നുള്ള തോതു വച്ചുകൊണ്ടു് നമ്മുടെ സർവ്വീസിൽ ഇരിക്കുന്നവർക്കു കേന്ദ്രഗവണ്മെൻറിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കുന്നതിനു ഈ ഗവണ്മെൻറു നടപടികളും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പെൻഷനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ളവർക്കു് ആനുകൂല്യം ചെയ്യണമെന്നു ഈ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തിലിരിക്കുകയാണു്.

ടൂറിസത്തിൻറെ വികസനത്തിനുള്ള നടപടി.

* 831. [2] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസ വികസനാർത്ഥം ഈ ഗവണ്മെൻറു് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

ടൂറിസം വികസിപ്പിക്കുന്നതിനു ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :

(1) ടൂറിസ്റ്റു സഞ്ചാരികൾക്കു് താമസസൗകര്യം, ക്ഷണസൗകര്യം മുതലായവ ആധുനികരീതിയിൽ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറുവക ഹോട്ടലുകളിലും ടൂറിസ്റ്റുബംഗ്ലാവുകളിലും പി. ഡബ്ലിയു. ഡി. റെസ്റ്റുഹൗസുകളിലും ഏർപ്പാടു ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(3) ടൂറിസ്റ്റുകൾക്ക് ഉല്ലാസയാത്രയ്ക്ക് ബോട്ടുകൾ ഏർപ്പെടുത്തുക.

(4) ടൂറിസ്റ്റുകളുടെ സൗകര്യങ്ങളെ പരിഗണിച്ച് ടൂറിസ്റ്റു കോച്ചുകൾ ഏർപ്പെടുത്തുക.

(5) വിദ്യാർത്ഥികൾ, ഗവണ്മെന്റു ജീവനക്കാർ, സാമൂഹ്യസംഘടനകൾ മുതലായവരുടെ സൗകര്യത്തിനു ചുരുങ്ങിയ നിരക്കിൽ ടൂറിസ്റ്റുകേന്ദ്രങ്ങൾ സന്ദർശിക്കാനുതകുന്ന നടപടികൾ ഏർപ്പെടുത്തുക,

(6) കേരളത്തിന്റെ ടൂറിസ്റ്റു പ്രാധാന്യത്തേയും പ്രത്യേകതകളേയും പറ്റി ഇൻഡ്യയ്ക്കുള്ളിലും വിദേശരാജ്യങ്ങളിലും പ്രചരണം നടത്തുക.

(7) അന്യദേശങ്ങളിലെ ട്രാവൽ ഏജൻസികളെ ക്ഷണിച്ചുവരുത്തി കേരളത്തിന്റെ ടൂറിസ്റ്റു പ്രാധാന്യത്തെ നേരിൽ കാണിച്ചുകൊടുക്കുക.

(8) ട്രാവൽ ഏജൻസികളുടെ പ്രവർത്തനത്തിന് സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

മേൽപറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുതകുന്ന പരിപാടികൾ മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. എ. തൊമ്മൻ : കോവളത്തു ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം ടൂറിസ്റ്റു ബംഗ്ലാവും റെസ്റ്റാറന്റും എപ്പോൾ സ്ഥാപിക്കാൻ ആലോചനയുള്ളതായി പറഞ്ഞു, അതുപോലെ തിരുവനന്തപുരം കടൽപുറത്തുകൂടി കോവളത്തേക്കു ഒരു റോഡുവെട്ടാൻ പോകുന്നതായി പത്രത്തിൽ കണ്ടു. അങ്ങനെ ഗവണ്മെന്റിനു ഒരു സ്കീം ഉണ്ടോ; ഉണ്ടെങ്കിൽ അതു ഉടനെ ആരംഭിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കോവളം ഒരു ടൂറിസ്റ്റു കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനും അവിടെ ഒരു റെസ്റ്റാറന്റു സ്ഥാപിക്കുന്നതിനും ഒരു പദ്ധതിയുണ്ട്. അതു കേന്ദ്രഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അതിനാവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയാറാക്കേണ്ടതുണ്ട്. ശംഖുംമുഖത്തുനിന്നും നേരിട്ടു കോവളത്തേക്കു വീതിയുള്ളതും സൗകര്യമുള്ളതുമായ ഒരു റോഡു നിർമ്മിക്കേണ്ടതാവശ്യമാണ്. അതുപോലെ കോവളത്തു ടൂറിസ്റ്റുകൾ വന്നാൽ അവരുടെ താമസസൗകര്യത്തിനും ക്ഷേണസൗകര്യത്തിനുമായി കാട്ടേജുകളും റെസ്റ്റാറന്റും ഉണ്ടാക്കേണ്ടതുമാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ടൂറിസം വികസിപ്പിക്കുന്നതിലേക്കുള്ള നടപടികളുടെ ഒരു നീണ്ട ലിസ്റ്റു് ഇവിടെ വായിച്ചു. ഈ പദ്ധതികളനുസരിച്ച് എന്തൊക്കെ ഇതിനകം ഇംപ്ലിമെന്റു ചെയ്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ മൂന്നാംപഞ്ചവത്സരപദ്ധതിക്കാലത്തു കുറെയധികം സ്ഥലങ്ങളിൽ താമസസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികളെടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ടൂറിസ്റ്റു ബംഗ്ലാവുകൾ നിർമ്മിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കൂടുതൽ അക്കാമഡേഷൻ ഫെസിലിറ്റീസുണ്ടാക്കാൻ നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ : മറ്റു ഗവണ്മെന്റുകൾ ചെയ്യുന്നതുപോലെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ആകർഷണീയമായ പ്രസിദ്ധീകരണങ്ങൾ നടത്തുന്നതുപോലെ നമ്മുടെ സംസ്ഥാനത്തു് ഇല്ല എന്നുള്ളതു മനസ്സിലാക്കി അതുപോലെ ആകർഷണീയമായ പ്രസിദ്ധീകരണങ്ങൾ ഏർപ്പെടുത്താൻ ഗവണ്മെന്റു് നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : വളരെ ആകർഷണീയമായ പ്രസിദ്ധീകരണങ്ങൾ വേണ്ടത്ര ഇല്ല. അതിലേക്കു ആവശ്യമായ പ്രസിദ്ധീകരണങ്ങൾ ഉണ്ടാക്കുന്നതിലേക്കു് ഗവണ്മെന്റു് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ പിക്ടോറിയൽ ഹാൻറു ബുക്കു്, പിക്ചർ പോസ്റ്റു കാർഡുസ്, ടൂറിസ്റ്റു മാപ്പു്, സിറ്റി മാപ്പു് ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ നടത്തുന്നതിനു നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. അതിനു പുറമെ 1962-ലെ ഓണാഘോഷത്തിന്റെ പരിപാടികൾ ഫിലിം ചെയ്യുകയുണ്ടായി. അതും ഇപ്പോൾ പൂർത്തിയായിരിക്കുന്നു. അതും വിദേശരാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനുപയുക്തമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി യുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. അവർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എന്തൊക്കെ നടപ്പാക്കി ?

ശ്രീ. പി. പി. ഉമ്മർകോയ : അതനുസരിച്ചു മൂന്നാം പഞ്ചവത്സര പദ്ധതിയിൽ വേണ്ട നടപടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : തേക്കടിയിൽ സ്ഥാപിച്ചിരിക്കുന്ന ആരണ്യ നിവാസ് പെരിയാർ തടാകത്തിന്റെ തീരപ്രദേശത്താണ്. അവിടം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് പ്രകൃതിരമണീയമായ കാഴ്ചകളാണുള്ളത്. അതു കുറെക്കൂടി വികസിപ്പിക്കുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അന്വേഷിക്കാം.

ശ്രീ. എൻ. മോസ്സുരൻ നായർ : ജപ്പാൻ മുതലായ വിദേശ രാജ്യങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ടൂറിസ്റ്റുകളുടെ സഹായത്തിനായി സുന്ദരികളായ ഗൈഡുകളെ ഏർപ്പെടുത്തുന്നതായി അറിയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ സുന്ദരികളായ ഗൈഡുകളെ ഏർപ്പെടുത്തി ടൂറിസം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ

* 832. [3] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാലയ വർഷത്തിൽ എത്ര സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അനുവദിച്ചു ;

(ബി) ഇതിനുവേണ്ടി കൈക്കൊണ്ട മാനദണ്ഡം എന്തു് ;

(സി) മീനച്ചിൽ താലൂക്കിൽ നീലൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് അനുവദിച്ചുകിട്ടണമെന്നുകാണിച്ചു അപേക്ഷ ലഭിച്ചിരുന്നോ ;

(ഡി) ലഭിച്ചിരുന്നെങ്കിൽ അതിന്മേൽ എന്തുനടപടി കൈക്കൊണ്ടു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 33.

(ബി) സാമ്പത്തികബാദ്ധ്യതകൾ വരാതെ ഇപ്പോൾ ഉള്ള അദ്ധ്യാപകന്മാരെക്കൊണ്ടു് ക്ലാസ്സ് നടത്താൻ സാധിക്കുമെന്നുള്ളപക്ഷം അതതു താലൂക്കിനും 4 സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്താൻ അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ ലഭിച്ചിരുന്നു.

(ഡി) അപേക്ഷ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു : മീനച്ചിൽ താലൂക്കിൽ ഒരു സ്കൂളിൽമാത്രമേ ഇംഗ്ലീഷ് മീഡിയം അനുവദിച്ചുകൊടുത്തിട്ടുള്ളൂ. ഇപ്പോൾ ഒരു താലൂക്കിനു് നാലു സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങാൻ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. പിന്നെ എന്തുകൊണ്ടാണു് ഇതുമാത്രം പ്രത്യേകമായിട്ടു പരിഗണിക്കാതെയിരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly